"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ പഞ്ചായത്തുകൾക്ക് ISO സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള ചെലവ് -തുക അനുവദിച്ച് ഉത്തരവാകുന്നു

---

**തദ്ദേശ സ്വയംഭരണ (ഇ.എം)വകുപ്പ്**

സ.ഉ.(അച്ചടി) നം.58/2022/LSGD തീയതി, തിരുവനന്തപുരം, 08-07-2022

---

പരാമർശം:- 1. 14/03/2022-ലെ GO(Rt) No.28/2022/LSGD നമ്പർ സർക്കാർ ഉത്തരവ്

2 23/5/2022-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/7302/2021-RGSA1 -നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ISO സർട്ടിഫിക്കേഷൻ കൈവരിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 700 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തിരുന്നു. അതിൽ 600 ഗ്രാമപഞ്ചായത്തുകളുടെ രണ്ടാം സർവ്വിലൻസ് ആഡിറ്റ് പൂർത്തിയാക്കിയതിനാൽ അതിനുള്ള തുക പരാമർശം (1) -ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ശേഷിക്കുന്ന 100 പഞ്ചായത്തുകളുടെ രണ്ടാം സർവ്വിലൻസ് ആഡിറ്റ് പൂർത്തിയാക്കിയതിനുള്ള തുകയും നിശ്ചയിക്കപ്പെട്ട 700 ഗ്രാമപഞ്ചായത്തുകൾക്ക് പുറമെ അധികമായി സർട്ടിഫിക്കേഷൻ നൽകിയ 59 ഗ്രാമപഞ്ചായത്തുകളുടെ രണ്ടാം സർവ്വിലൻസ് ആഡിറ്റ് പൂർത്തിയാക്കിയ വകയിൽ നൽകേണ്ട തുകയും രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ പദ്ധതിക്കായുള്ള സംസ്ഥാന വിഹിതത്തിൽ നിന്ന് അനുവദിച്ച് നൽകുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (2)-ലെ കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 100 ഗ്രാമപഞ്ചായത്തുകളുടെ രണ്ടാം സർവ്വിലൻസ് ആഡിറ്റ് പൂർത്തിയാക്കിയ വകയിൽ നൽകേണ്ട 13,57,143/- രൂപയും അധികമായി സർട്ടിഫിക്കേഷൻ നൽകിയ 59 ഗ്രാമപഞ്ചായത്തുകളുടെ രണ്ടാം സർവ്വിലൻസ് ആഡിറ്റ് പൂർത്തിയാക്കിയ വകയിൽ നൽകേണ്ട 8,00,714/- രൂപയും ഉൾപ്പെടെ ആകെ നൽകേണ്ട തുകയായ **21,57,857/-**രൂപ (ഇരുപത്തിയൊന്നു ലക്ഷത്തി അൻപത്തിയേഴായിരത്തി എണ്ണൂറ്റി അൻപത്തിയേഴ് രൂപ മാത്രം) 2022-23 വർഷത്തെ **2515-00-101-56-02 PV** എന്ന ശീർഷകത്തിൽ നിന്നും ISO Certification-പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായ M/s TQ Service-ന് അനുവദിച്ച് നല്കി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രഞ്ജൻ രാജ് ആർ പി

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ ),തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (DEV-2/190/2021-FIN (1815728 )
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by M.k.pradeesh Kumar
Date: 08-07-2022 15:28:57
സെക്ഷൻ ഓഫീസർ